**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 519** **06-12-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്ര വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന് നികുതിയിനത്തിലും ഗ്രാന്റായും വിവിധ പദ്ധതികൾക്കും ലഭിക്കാനുള്ള കേന്ദ്ര വിഹിതം പൂർണ്ണമായും ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം വിഭാഗങ്ങളിൽ കുടിശ്ശികയുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (എ) | കേന്ദ്രത്തിൽ നിന്നും വിവിധ ഇനങ്ങളിലായി സംസ്ഥാനത്തിന് ലഭിക്കാനുള്ള വിഹിതങ്ങൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. നഗര പ്രാദേശിക സർക്കാരുകൾക്കുള്ള ഗ്രാന്റിനത്തിൽ 613 കോടി രൂപ, പ്രാദേശിക സർക്കാരുകൾക്കുള്ള ഹെൽത്ത് ഗ്രാന്റിനത്തിൽ 596.53 കോടി രൂപ (2021-22 സാമ്പത്തിക വർഷത്തെ കുടിശ്ശികയായ 37.55 കോടി രൂപ ഉൾപ്പെടെ), സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിലേയ്ക്കുള്ള കേന്ദ്ര വിഹിതത്തിൽ 132 കോടി രൂപ, സംസ്ഥാന ദുരന്ത ലഘൂകരണ ഫണ്ടിലേയ്ക്കുള്ള കേന്ദ്രവിഹിതത്തിൽ 66 കോടി രൂപ എന്നിവ കേന്ദ്രത്തിൽ നിന്നും ലഭിക്കാനുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ വിവിധ പദ്ധതികൾക്കായി കേന്ദ്ര സർക്കാരിൽ നിന്നും നടപ്പ സാമ്പത്തിക വർഷം (05.12.2022 വരെ) 2455.53കോടി രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി സിംഗിൾ നോഡൽ അക്കൗണ്ട് സംവിധാനം നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ കർശനമായ മാനദണ്ഡങ്ങൾക്ക് വിധേയമായി മാത്രമാണ് കേന്ദ്രവിഹിതം അനുവദിച്ചു വരുന്നത്. കൂടാതെ പി.എഫ്.എം.എസ്.-ലെ സാങ്കേതിക തടസങ്ങളും കേന്ദ്രവിഹിതം ലഭിക്കുന്നതിന് കാലതാമസം സൃഷ്ടിക്കുന്നുണ്ട്. കേന്ദ്ര സർക്കാർ ആവശ്യപ്പെടുന്ന രേഖകൾ ഹാജരാക്കിയും, സാങ്കേതിക തടസങ്ങൾ പരിഹരിച്ചും അർഹമായ കേന്ദ്ര വിഹിതം മുഴുവനായി നേടിയെടുക്കുന്നതിനുള്ള നടപടികൾ വിവിധ വകുപ്പുകൾ മുഖേന സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ